# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 124. 14-06-2013-ൽ മറുപടിയ്ക്ക്.

" വികസന മേഖലയിലെ സ്വകാര്യ പങ്കാളിത്തം"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വികസന മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ ആസൂത്രണ ബോർഡ് എന്തെല്ലാം കർമ്മപരിപാടികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സമീപന രേഖ പ്രകാരം സംസ്ഥാനത്തെ നിക്ഷേപം വൻതോതിൽ ഉയർത്തുന്നതിന് സ്വകാര്യ പങ്കാളിത്തം ആകർഷിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനു സഹായകരമായി പ്ലാനിംഗ് ബോർഡിന് കീഴിൽ ഒരു പ്രൊജക്ട് ഫൈനാൻസിംഗ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ പദ്ധതികളിൽ ബജറ്റിന് ഉപരിയായുള്ള ഫണ്ടുകളും സ്വകാര്യ പങ്കാളിത്ത സാദ്ധ്യതയും പ്രയോജനപ്പെടുത്തി നിക്ഷേപം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി വേണ്ട നിർദ്ദേശങ്ങൾ നൽകുക എന്നതാണ് സെല്ലിന്റെ ജോലി. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്ന വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥർക്കായി ഇതിനുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു. അതോടൊപ്പം |

| | | | |
|---|---|---|---|
| | | | വിപുലമായ ഒരു പരിശീലന പരിപാടി തയ്യാറാക്കിയിട്ടുമുണ്ട്.<br>അഞ്ചുകോടി രൂപയ്ക്കുമേൽ അടങ്കലുള്ള പുതിയ പദ്ധതി നിർദ്ദേശത്തിന്മേൽ സ്വകാര്യ പങ്കാളിത്തമുൾപ്പെടെയുള്ള സാദ്ധ്യത ഈ സെല്ലിൽ പരിശോധിക്കുന്നതിനുള്ള സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി പി.പി.പി. ആക്റ്റിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഇല്ല. |
| (സി) | ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | വൻ മുതൽ മുടക്ക് (അഞ്ച് കോടിക്കു മുകളിൽ) ആവശ്യമുള്ള പദ്ധതികളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഇതിനു സഹായകരമായി പ്ലാനിംഗ് ബോർഡിന് കീഴിൽ ഒരു പ്രൊജക്റ്റ് ഫൈനാൻസിംഗ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>(ചോദ്യത്തിന്റെ **'എ'** പിരിവിനുള്ള ഉത്തരം കാണുക) |

സെക്ഷൻ ഓഫീസർ.